എയ്ഡഡ് സ്ക്കൂളുകളിൽ ഇന്റർ-മാനേജ്മെന്റ് ട്രാൻസ്ഫറിനാധാരമായ ചട്ടങ്ങൾ

132 [3312] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഇന്റർ-മാനേജ്മെന്റ് ട്രാൻസ്ഫറിനാധാരമായ ചട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ട്രാൻസ്ഫർ ആയി വന്ന അദ്ധ്യാപകർക്ക് പഴയ മാനേജ്മെന്റ് കീഴിലുള്ള സേവനകാലം 7 വർഷത്തിൽ കൂടുതൽ ഉണ്ടെങ്കിൽ അത് പ്രൊട്ടക്ഷന് എലിജിബിൾ പീരിയ്ഡ് ആയി പരിഗണിക്കുമോ;

(സി) ഇല്ലെങ്കിൽ തികച്ചും ന്യായമായ ഈ കാര്യത്തിൽ ആവശ്യമായ ഉത്തരവ് ഉണ്ടാകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എയ്ഡഡ് സ്കൂളുകളിൽ ഇന്റർ-മാനേജ്മെന്റ് ട്രാൻസ്ഫറിനാധാരമായ ഗവൺമെന്റ് ഉത്തരവുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (കെ. ഇ. ആർ.) അദ്ധ്യായം പതിനാല് (എ) ചട്ടം 11 (1).

(ബി) നിലവിലുള്ള ഉത്തരവ് പ്രകാരം 14-7-1996-ൽ സർവ്വീസിൽ ഉള്ളവരും 1996-1997 കാലയളവിൽ റഗുലർ വേക്കൻസിയിൽ 14-7-1997-വരെ നിയമനം ലഭിച്ചിട്ടുള്ളവരുമായ എല്ലാ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരും പ്രൊട്ടക്ഷന് അർഹരാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 'എ'-യുടെ ഉത്തരം കാണുക.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലവസരങ്ങളും

133 [3314] ശ്രീ. കെ. കെ. ഷാജു:

„ ഉമേഷ് ചള്ളിയിൽ:

„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ മേഖലയിൽ അനുവദിച്ച മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ നൽകിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ എത്ര പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly